(ബി) കെയ്കോയെ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കെയ്കോയുടെ പുനഃരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് 4-12-2013-ൽ കൃഷിവകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ കൂടുതൽ ചർച്ചകൾക്കായി ഒരു യോഗം വിളിച്ചുകൂട്ടാൻ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത യോഗം കൂടാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) സർക്കാർ പരിശോധിച്ചുവരുന്നു.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാര്യം

150 (7447) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിലവിലുള്ള ജീവനക്കാർ എത്രയെന്നറിയിക്കുമോ ;

(ബി) നിലവിലെ ഒഴിവുകൾ സംബന്ധിച്ച വിവരം നൽകുമോ ; ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) പുതിയതായി തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. കോർപ്പറേഷനിലെ ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിലവിൽ 70 സ്ഥിര ജീവനക്കാർ നിലവിലുണ്ട്.

(ബി) ഡെപ്യൂട്ടി മാനേജർ (എഫ്.സി.) തസ്തികയിലേക്ക് നിലവിൽ ഒരൊഴിവുണ്ട്. ഈ ഒഴിവ് നികത്തുന്നത് ഫീഡർ കാറ്റഗറിയിൽനിന്നും പ്രൊമോഷൻ നൽകിക്കൊണ്ടാണ്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ, ഓഫീസ് അസിസ്റ്റന്റ്, ജീപ്പ് ഡ്രൈവർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. കോർപ്പറേഷനിലെ ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി അതാതു സമയങ്ങളിൽ കോർപ്പറേഷന്റെ ബോർഡ് കൂടിയാണ് തീരുമാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly